**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5544** **13-08-2021 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര ശ്രീകൃഷ്ണ സ്വാമി ക്ഷേത്ര നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | നെയ്യാറ്റിൻകര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിൽ ടെണ്ടർ നടപടി പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെ ആണ് എന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തികൾക്കും അനുവദിച്ച അടങ്കൽ തുക എത്രയെന്ന് വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ടെണ്ടർ നടപടി പൂർത്തീകരിച്ച പ്രവൃത്തികളും അവയുടെ അടങ്കൽ തുകയും ചുവടെ ചേർക്കുന്നു.<br>ഊട്ടുപുരയുടെ നവീകരണം - 4,63,000/-<br>ക്ഷേത്രമതിൽ പുനർനിർമ്മാണം - 22,28,000/- |
| (ബി) | ടെണ്ടർ നടപടി ഏത് വർഷത്തിൽ ആണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കുമോ; | (ബി) | ഊട്ടുപുര നവീകരണത്തിനായി 2018-ലും ക്ഷേത്രമതിൽ പുനർനിർമ്മാണത്തിനായി 2016-ലും ടെണ്ടർ ക്ഷണിച്ചു. |
| (സി) | ഊട്ടുപുര, നടപ്പന്തൽ, ക്ഷേത്ര മതിൽ എന്നീ പുനർ നിർമ്മാണ പ്രവൃത്തികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | ഊട്ടുപുരയുടെ നവീകരണ പ്രവൃത്തിക്കായി 4,63,000/- രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചപ്പോൾ കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരൻ നിർമ്മാണ സാധനങ്ങളുടെ വിലക്കയറ്റം കാരണം ക്വാട്ട് ചെയ്ത നിരക്കിൽ നിർമ്മാണം നടത്തുവാൻ പിന്നീട് വിസമ്മതിക്കുകയും നിർമ്മാണം നടത്തുവാൻ വിസമ്മതിച്ചത് കാരണം എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു. നടപ്പന്തൽ കിഴക്കുഭാഗം പുനർനിർമ്മാണ പ്രവൃത്തിക്കായി 6,90,300/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ടി എസ്റ്റിമേറ്റിന് ബോർഡിന്റെ ഭരണാനുമതി നൽകുന്നതിന് മുന്നോടിയായി എസ്റ്റിമേറ്റ് തുകയുടെ 50% സംഭവന ഇനത്തിൽ ക്ഷേത്രപദേശകസമിതിയിൽ നിന്നും ബോർഡ് ആവശ്യപ്പെടുകയും ചെയ്തു. ക്ഷേത്രോപദേശക സമിതി ഇത് നിരസിച്ച സാഹചര്യത്തിൽ മറ്റ് നടപടികൾ പുരോഗമിക്കുന്നു. ക്ഷേത്രമതിൽ പുനർനിർമ്മാണ പ്രവൃത്തിക്കായി ടെണ്ടർ നടപടി പൂർത്തികരിച്ച് കരാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ കരാറുകരൻ നാളിതുവരെ നിർമ്മാണം ആരംഭിക്കാത്ത സാഹചര്യത്തിൽ ടിയാനെതിരെ ബോർഡ് തലത്തിൽ നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ